**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2137** **21-06-2024 - ൽ മറുപടിയ്ക്ക്**

**ബദിയഡുക്ക നീർച്ചാൽ അഗ്നിരക്ഷാസേനാ നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് നിയോജകമണ്ഡലത്തിലെ ബദിയഡുക്ക പഞ്ചായത്തിൽ നീർച്ചാൽ അഗ്നിരക്ഷാസേനാ നിലയത്തിന് ഭരണാനുമതി വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ദുരന്ത സാധ്യത കണക്കിലെടുത്ത് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തീരുമാനിച്ച സ്ഥലങ്ങളിലാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് റവന്യൂ വകുപ്പ് സ്ഥലവും, പഞ്ചായത്ത് ഭരണസമിതി താൽക്കാലിക കെട്ടിടം ഉൾപ്പെടെയുള്ള സ്ഥലവും വിട്ടുനൽകാൻ സമ്മതിച്ചിട്ടുണ്ടോ; | (ബി) | ബദിയഡുക്ക പഞ്ചായത്തിലെ ബേള വില്ലേജിലുള്ള പഴയ ആയുർവേദ ഡിസ്പെൻസറി കെട്ടിടം വാടകയില്ലാതെ നൽകുന്നതിന് ബദിയഡുക്ക ഗ്രാമ പഞ്ചായത്ത് സമ്മതിച്ചിരുന്നു. ബദിയഡുക്ക ഗ്രാമ പഞ്ചായത്ത് സാധാരണ മീറ്റിംഗിലെ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. റവന്യൂ ഭൂമി അനുവദിച്ചിട്ടില്ല. |
| (സി) | എങ്കിൽ എപ്പോഴാണ് ഇപ്രകാരം സമ്മതിച്ചതെന്നും ഇതു സംബന്ധിച്ച രേഖകളോ പ്രമാണങ്ങളോ ഉണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | പിരിവ് (ബി)യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | 2018-ൽ സംസ്ഥാനത്ത് നിർദ്ദേശിക്കപ്പെട്ട പട്ടികയിൽ എത്ര അഗ്നിരക്ഷാസേനാ നിലയങ്ങളുണ്ടായിരുന്നുവെന്ന് ക്രമ നമ്പർ, നിലയങ്ങളുടെ പേര് എന്നിവ സഹിതം അറിയിക്കാമോ; | (ഡി) | 2019 ൽ പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി ഫയർ & റെസ്ക്യൂ വകുപ്പ് തലത്തിൽ തയ്യാറാക്കിയ 33 സ്ഥലങ്ങളുടെ ചുവടെ ചേർത്തിരിക്കുന്ന പട്ടിക വകുപ്പ് മേധാവി സർക്കാരിൽ സമർപ്പിച്ചിരുന്നു.<br><br>1 തൊണ്ടർനാട്(വയനാട്)<br><br>2 വൈത്തിരി(വയനാട്)<br><br>3 പുൽപ്പള്ളി(വയനാട്)<br><br>4 വണ്ണപ്പുറം(ഇടുക്കി)<br><br>5 പന്തളം(പത്തനംതിട്ട) |

| | | | | |
|---|---|---|---|---|
| | | | | 6 ആറന്മുള(പത്തനംതിട്ട)<br>7 കോഴഞ്ചേരി(പത്തനംതിട്ട)<br>8 ബദിയഡുക്ക(കാസർഗോഡ്)<br>9 കല്ലമ്പലം(തിരുവനന്തപുരം)<br>10 നേര്യമംഗലം (എറണാകുളം)<br>11 കടയ്ക്കാവൂർ (തിരുവനന്തപുരം)<br>12 കൊല്ലങ്കോട്(പാലക്കാട്)<br>13 മാവൂർ (കോഴിക്കോട്)<br>14 കൊണ്ടോട്ടി(മലപ്പുറം)<br>15 വളാഞ്ചേരി(മലപ്പുറം)<br>16 മണലൂർ(തൃശ്ശൂർ)<br>17 ഓയൂർ(കൊല്ലം)<br>18 കുളത്തുപ്പുഴ(കൊല്ലം)<br>19 എരുമേലി(കോട്ടയം)<br>20 ഏറ്റുമാനൂർ(കോട്ടയം)<br>21 പട്ടാമ്പി(പാലക്കാട്)<br>22 ചേളന്നൂർ(കോഴിക്കോട്)<br>23 ചീമേനി (കാസർഗോഡ്)<br>24 തേഞ്ഞിപ്പാലം(മലപ്പുറം)<br>25 അട്ടപ്പാടി (പാലക്കാട്)<br>26 തൃത്താല (പാലക്കാട്)<br>27 കാലടി (എറണാകുളം)<br>28 പുതുപ്പാടി (കോഴിക്കോട്)<br>29 പാലോട് (തിരുവനന്തപുരം)<br>30 ഒറ്റപ്പാലം (പാലക്കാട്)<br>31 കുമരകം (കോട്ടയം)<br>32 വെള്ളരിക്കുണ്ട് (കാസർഗോഡ്)<br>33 വെള്ളറട (തിരുവനന്തപുരം) |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പട്ടികയിൽ എത്രാമത്തെ സ്ഥാനമായിരുന്നു ബദിയഡുക്ക ഫയർ സ്റ്റേഷന് എന്ന് വ്യക്തമാക്കാമോ; | (ഇ) | പിരിവ് (ഡി)യിൽ ചേർത്തിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പട്ടികയിൽ ഉണ്ടായിരുന്ന ഏതെല്ലാം നിലയങ്ങൾക്ക് ഭരണാനുമതി ലഭിച്ചു എന്ന് ലിസ്റ്റിലുള്ള സ്ഥാനമനുസരിച്ച് അറിയിക്കാമോ; | (എഫ്) | പട്ടാമ്പി(21), കൊല്ലങ്കോട്(12), കലമ്പലം(9) എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും തൊണ്ടർനാട് (1), മാവൂർ(13), ചീമേനി(23), വൈത്തിരി(2), ആറൻമുള(6), പാലോട്(29), നേര്യമംഗലം(10) എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്. |
| (ജി) | ബദിയഡുക്ക അഗ്നിരക്ഷാ സേനാ നിലയം എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ? | (ജി) | തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മറ്റു ഫയർ സ്റ്റേഷനുകൾക്കുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ